# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

തീയതി.01.03.2018

### വനം വകുപ്പിന് പുതിയ മേധാവി : പി.കെ. കേശവൻ ചുമതലയേറ്റു

സംസ്ഥാന വനം-വന്യജീവി വകുപ്പ് മേധാവിയായി പി.കെ. കേശവൻ ചുമതലയേറ്റു. കോഴിക്കോട് താമരശ്ശേരി സ്വദേശിയായ ഇദ്ദേഹം 1986 ബാച്ച് ഐ.എഫ്. എസ്.ഉദ്യോഗസ്ഥനാണ്. നിലമ്പൂർ അസി. ഫോറസ്റ്റ് കൺസർവേറ്ററായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. തുടർന്ന് നിലമ്പൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഡി.എഫ്.ഒ., കണ്ണൂർ, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ ഫോറസ്റ്റ് കൺസർവേറ്റർ, എറണാകുളം സോഷ്യൽ ഫോറസ്ട്രി കൺസർവേറ്റർ, നോർത്തേൺ റീജിയണിലും വിജിലൻസ് വിഭാഗത്തിലും അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ., എഫ്.എൽ.ആർ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ എന്നീ തസ്തികകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു.

കേരള ഹോർട്ടികൾച്ചർ ഡെവലപ്പ്മെന്റ് പ്രോഗ്രാം ഡയറക്ടർ, ബേക്കൽ റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ടൂറിസം റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയുടെ മാനേജിംഗ് ഡയറക്ടർ, കണ്ണൂർ എയർപോർട്ട് സ്പെഷ്യൽ ഓഫീസർ, കോയമ്പത്തൂരിലെ സ്റ്റേറ്റ് ഫോറസ്റ്റ് സർവ്വീസ് അക്കാഡമി ഫാക്കൽറ്റി അംഗം, കേന്ദ്ര സർക്കാരിന്റെ പഞ്ചായത്ത് രാജ്, പവർ, സിവിൽ ഏവിയേഷൻ മന്ത്രാലയങ്ങളുടെ ഡയറക്ടർ എന്നീ നിലകളിലും സേവനം അനുഷ്ടിച്ചിട്ടുണ്ട്.

ഡൽഹിയിലെ ഐ.എ.ആർ.ഐ.യിൽ നിന്നും ഹോർട്ടികൾച്ചറിലും ലണ്ടൻ യൂണിവേഴ്സിറ്റിയിൽ നിന്നും അഗ്രിബിസിനസ് മാനേജ്മെന്റിലും എം.എസ്.സി. നേടിയിട്ടുണ്ട്. പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്നും പബ്ലിക് അഡ്മിനിസ്ട്രേഷനിൽ എം.ഫിൽ., ഡൽഹിയിലെ ഐ.ഐ.പി.എ.യിൽ നിന്നും പബ്ലിക് അഡ്മിനിസ്ട്രേഷനിൽ പി.ജി. ഡിപ്ലോമ എന്നിവയും കരസ്ഥമാക്കിയിട്ടുണ്ട്.

FIBPR-10/18

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ